കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.5/1689/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 14/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി തീയ്യതി: 14/12/2023
.വി.എം.ജി.പി.5/1689/2023

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)	25-10-2023	02-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-10-2023	02-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി വി.എസ്.നായർ , ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത ബി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീതാജാസ്മിൻ ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ചെറുപുഷ്പം	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. ഫൈസൽ. എ.എസ്	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീഭോഭ .കെ	അസിസ്റ്റന്റ് എഞ്ചീനീയർ	01-04-2022	31-05-2022
ശ്രീമതി.ബിനി.ജെ.സി	അസിസ്റ്റന്റ് എഞ്ചീനീയർ	01-06-2022	14-09-2022
ശ്രീ.സനൽകുമാർ.എസ്.കെ	അസിസ്റ്റന്റ് എഞ്ചീനീയർ	15-09-2022	31-03-2023
ഡോ.വിനോജ്.കെ.വി	മെഡിക്കൽ ഓഫീസർ,അലോപ്പതി	01-04-2022	31-03-2023
ഡോ. അജിത റ്റി.ആർ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2022	20-06-2022
ഡോ.ധന്യ ചന്ദ്രൻ.ജെ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	21-06-2022	31-03-2023
ഡോ. വന്ദന .സി.ജി	വെറ്ററിനറി സർജൻ	01-04-2022	31-03-2023
കിരൺ.കെ.ജി	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി വിജയലക്ഷ്മി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ.രതീഷ്കുമാർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	03-07-2022
ശ്രീമതി.നിഷ വത്സലൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	04-07-2022	31-03-2023
ശ്രീമതി.പ്രേമലത.എസ്.ആർ	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ശ്രീമതി അനീഷ ശശി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-08-2022
ശ്രീമതി വിനി ജോസഫ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-09-2022	19-10-2022
ശ്രീമതി ലക്ഷ്മി .എ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	20-10-2022	31-03-2023
ശ്രീ.കിരൺ.കെ.ജി	കൃഷി ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല.	1-1-2
4	ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല	1-1-3
5	കാലഹരണപ്പെട്ട (മൂന്നു മാസം കഴിഞ്ഞ) ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി രേഖപ്പെടുത്തിയിട്ടില്ല	1-1-4
6	നിക്ഷേപ തുക പ്രവൃത്തി പൂർത്തീകരണ രേഖകൾ ലഭ്യമാകാതെ ചെലവായി രേഖപ്പെടുത്തി	1-1-5
7	വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-6
8	ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല	1-1-7
9	രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ചിട്ടില്ല	1-1-8
10	ആസ്തി മൂല്യത്തിനു തുല്യമായ തുകക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല	1-1-9
11	രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല	1-1-10
12	ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.	1-1-11
13	പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല	1-1-12
14	മറ്റു അപാകങ്ങൾ	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണറുടെ മരണശേഷവും പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചു	1-6-1
20	ക്ഷേമ പദ്ധതികൾ	1-6
21	ക്യാഷ് പരിശോധന	1-7
22	ആഭ്യന്തര നിയന്ത്രണം	1-8
23	ദേശീയ തൊഴിലുറപ്പ് പദ്ധതി സാധന സാമഗ്രികൾ സമാഹരിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-9-1
24	കുടുംബശ്രീ ഗ്രൂപ്പിനു വർക്ക് ഷെഡ് നിർമ്മിച്ചു നൽകിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-9-2
25	മെറ്റീരിയൽ എഫ്.റ്റി.ഒ. - കരാറുകാരന്റെ പേര് തെറ്റായി ജനറേറ്റ് ചെയ്തു.	1-9-3
26	മെറ്റിരിയലിനു കരാറിലുമധികമായി നിരക്കനുവദിച്ചു - 92,932/- രൂപ തിരികെ ഈടാക്കി	1-9-4
27	മെറ്റീരിയലിന് ലോക്കൽ മാർക്കറ്റ് റേറ്റിലുമധിക നിരക്ക് അനുവദിച്ചു	1-9-5
28	തൊഴിലുറപ്പ് പദ്ധതി	1-9

29	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
30	സ്ഥാപന നികുതിയും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.	1-11
31	വസ്തു നികുതി കുടിശ്ശിക 9,95,757/- രൂപ	1-12
32	ഷോപ്പിങ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഒടുക്കിയിട്ടില്ല	1-13
33	മണ്ഡപത്തിൻ കടവ് വെയിറ്റിങ്ങ് ഷെഡിനോട് ചേർന്ന കടമുറി വാടക കുടിശ്ശിക ഒടുക്കിയില്ല	1-14
34	തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്	1-15
35	സർക്കാരിൽ നിന്നും തിരികെ ലഭിച്ച തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-16
36	ഡേ ബുക്കിൽ റസീപ്റ്റ് ചെയ്തിട്ടുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല	1-17
37	ഓൺലൈൻ ഇടപാടുകളിലൂടെ ലഭിക്കുന്ന തനതു വരുമാനം അതാതു ദിവസങ്ങളിൽ ലഭിക്കുന്നില്ല	1-18
38	ഭരണസമിതി യോഗം തീരുമാനം-തുടർ നടപടി സ്വീകരിച്ചിട്ടില്ല.	1-19
39	മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു	1-20
40	വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച നിക്ഷേപ തുക തുടർനടപടികൾ സ്വീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു	1-21
41	ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നു	1-22
42	മഴക്കാലപൂർവ ശുചീകരണം ചെലവു രേഖകൾ ലഭ്യമായില്ല - 1,40,000/- രൂപ തടസ്സം ചെയ്യുന്നു	1-23
43	പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി പദ്ധതികളിലെ അപാകതകൾ	1-24
44	ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-25
45	1.06 കോടിയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു	1-26
46	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കയില്ല-2353165/- രൂപ തടസ്സപ്പെടുത്തുന്നു.	1-27
47	സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ തനതു ഫണ്ടിൽ നിലനിറുത്തിയിരിക്കുന്നു	1-28
48	മരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പൂർത്തീകരിക്കുന്നില്ല	1-29

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5

6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023 ലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ഒറ്റശേഖരമംഗലം** ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ഒറ്റശേഖരമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വാർഷിക അനുപാതങ്ങൾ, മുൻവർഷ താരതമ്യ തുകകൾ എന്നിവ സോഫ്റ്റ്വെയറിൽ ലഭ്യമല്ലായെന്നു മറുപടി നൽകി.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ Net Cash Generated (-5968862) എന്നത് Net Increase/Decrease In Cash And Cash Equivalents (-316589) മായി പൊരുത്തപ്പെടുന്നില്ല. സോഫ്റ്റ്വെയർ ജനറേറ്റഡ് റിപ്പോർട്ട് ആയതിനാൽ, ആധികാരികത ഓഫീസ് തലത്തിൽ ക്രമീകരിക്കാനാകില്ലായെന്നു മറുപടി നൽകി.

1-1-3 ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല

എ) എസ്.ബി.എം. പി.എഫ്.എം.എസ് അക്കൗണ്ടിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് -492000/- രൂപയാണ്. ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മന്റ് ലഭ്യമായില്ല. വർഷാവസാന നീക്കിയിരിപ്പ് നെഗറ്റീവ് തുക വരുവാനുള്ള കാരണവും വ്യക്തമല്ല. റീകൺസിലിയേഷൻ നടത്തിയിട്ടില്ല

ബി) ഹെഡ് 450210101 നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് ഓഫ് ഓൺ റവന്യൂ ഫണ്ട് അക്കൗണ്ടിന്റെ എ.എഫ്.എസ്. പ്രകാരമുള്ള നീക്കിയിരിപ്പ് 2699/- രൂപയാണ്. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മന്റ്, ബാങ്ക് ബുക്ക് , റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റുകൾ ലഭ്യമായില്ല.

സി) സി.എഫ്.സി. ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് 4395989/- രൂപയാണ്. എന്നാൽ സി.എഫ്.സി. ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 4258857/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.
ഡി) ബാങ്ക് റിക്കൺസിലിയേഷൻ പത്രിക പ്രകാരം എട്ട് അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ നടത്തുകയോ ആധികാരികമായി നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ ബാങ്കിലെ നീക്കിയിരിപ്പ് തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-1-4 കാലഹരണപ്പെട്ട (മൂന്നു മാസം കഴിഞ്ഞ) ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി രേഖപ്പെടുത്തിയിട്ടില്ല.

ഐ.ഒ.ബി. തനതു ഫണ്ടിന്റെ റികൺസിലിയേഷൻ പത്രികയിൽ സെപ്റ്റംബർ 2019 മുതലുള്ള കാലയളവിൽ അനുവദിച്ചിട്ടുള്ള വിവിധ ചെക്കുകൾ (ആകെ 946608/-) മാറാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ കാലഹരണപ്പെട്ട (മൂന്നു മാസം കഴിഞ്ഞ) ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി രേഖപ്പെടുത്തിയിട്ടില്ല. തുടർ സാമ്പത്തിക വർഷത്തെ അക്കൗണ്ടിൽ അപാകത പരിഹരിക്കുന്നതാണെന്നു മറുപടി നൽകി.

1-1-5 നിക്ഷേപ തുക പ്രവൃത്തി പൂർത്തീകരണ രേഖകൾ ലഭ്യമാകാതെ ചെലവായി രേഖപ്പെടുത്തി

പ്രോ. നം. 60/23 - ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും പദ്ധതിക്കായി 262585/- രൂപ സി.എഫ്.സി. ഫണ്ടിൽ നിന്നും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക പൂർത്തീകരണ രേഖകൾ ലഭ്യമാകാതെ ചെലവായി ബുക്ക് ചെയ്തു. ആയതിനാൽ ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

1-1-6 വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി ജീവനക്കാർ കറന്റ്

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	954030	924380	
രജിസ്റ്റർ പ്രകാരം	954030	954030	0

തൊഴിൽ നികുതി ട്രേഡേഴ്സ് കറന്റ്

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	41770	41770	0
രജിസ്റ്റർ പ്രകാരം	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ് അരിയർ

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	0	2450	0

രജിസ്റ്റർ പ്രകാരം	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല

എഫ്.റ്റി.ഇ.ഒ.എസ് ലൈസൻസ് ഫീ കറന്റ്

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	64500	64500	0
രജിസ്റ്റർ പ്രകാരം	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല

എഫ്.റ്റി.ഇ.ഒ.എസ് ലൈസൻസ് ഫീ അരിയർ

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	0	500	0
രജിസ്റ്റർ പ്രകാരം	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല

വസ്തുനികുതി കറന്റ്

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	2415548	1974461	461720
സഞ്ചയ പ്രകാരം	2416272	1966942	427586

വസ്തു നികുതി അരിയർ

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	963854	393429	527240
സഞ്ചയ പ്രകാരം	895563	397870	498303

കെട്ടിട വാടക കറന്റ്

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	272662	114629	0
രജിസ്റ്റർ പ്രകാരം	240240	131000	109240

കെട്ടിട വാടക അരിയർ

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്. പ്രകാരം	201021	22864	178157
രജിസ്റ്റർ പ്രകാരം	187451	24062	163389

1-1-7 ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല

എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്ത വിവരങ്ങൾ ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. ഉദാഹരണമായി വസ്തു നികുതി ഡിമാന്റ് 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്കു ചെയ്തിട്ടുള്ളത്. വരും വർഷത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡിമാന്റ് ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുന്നത് എന്നു മറുപടി നൽകി.

1-1-8 രജിസ്റ്ററുകൾ യഥാവിധി പരിപാലിച്ചിട്ടില്ല

നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ, മുൻകൂറുകളുടെ രജിസ്റ്റർ എന്നിവ പരിശോധനക്കു ലഭ്യമാക്കിയില്ല. ഈയിനങ്ങളിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്താനായില്ല

1-1-9 ആസ്തി മൂല്യത്തിനു തുല്യമായ തുകക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള തൻ വർഷ ആസ്തിമൂല്യം 4281348/- (തൻവർഷ ബി11 - മുൻവർഷ ബി11) രൂപയാണ്. എന്നാൽ തൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 3249634/- (തൻ വർഷ ബി 3- മുൻ വർഷ ബി3) രൂപ മാത്രമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.5) പ്ലാൻ ഫണ്ടിൽ നിന്നുള്ള ക്യാപിറ്റൽ എക്സ്പെൻഡിച്ചർ മാത്രമാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റുന്നത് എന്നും തനതു ഫണ്ടിൽ നിന്നുള്ള ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ഉൾപ്പെടുന്നില്ലാ എന്നും മറുപടി നൽകി.

1-1-10 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

തനതു വരവുകുളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഉദാ: ലൈസൻസ് ഫീ, തൊഴിൽ നികുതി തുടങ്ങിയവയുടെ രജിസ്റ്ററുകൾ

1-1-11 ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ആസ്തി ഇനം (ബാലൻസ് ഷീറ്റ് പ്രകാരം)	ആസ്തി മൂല്യം	ഡിപ്രിസിയേഷൻ ഇനം	ഡിപ്രിസിയേഷൻ തുക
റോഡ്സ് & ബ്രിഡ്ജസ്	22223587	റോഡ്സ് & ബ്രിഡ്ജസ്	34009842
പബ്ലിക് ലൈറ്റിംഗ്	6808120	പബ്ലിക് ലൈറ്റിംഗ്	7573040

ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

1-1-12 പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറി, സ്ഥിരം ജീവനക്കാരുടെ ശമ്പളം എന്നിവ മാത്രമാണ് ബി 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തുന്നത് എന്നു മറുപടി നൽകി.

1-1-13 മറ്റു അപാകങ്ങൾ

എ) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ സ്റ്റോക്ക് മൂല്യം (ബി14 ഷെഡ്യൂൾ) '0' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വരും വർഷങ്ങളിലെ കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്നു മറുപടി നൽകി.

ബി) ഡെപ്പോസിറ്റ് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

മുന്നിരിപ്പ് (മുൻവർഷ ബി7 പ്രകാരം)	തൻവർഷം ലഭിച്ചത് (ആർ.പി. 33 പ്രകാരം	തൻവർഷം തിരികെ നൽകിയത് (ആർ.പി. 33 പ്രകാരം	നീക്കിയിരിപ്പ് (തൻവർഷ ബി 7 പ്രകാരം)
469875	400236	254735	617871

സി) ബാലൻസ് ഷീറ്റ് ബി1 ഹെഡ് 310900101 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ മുന്നിരിപ്പ് തുക – 9959371.70/- രൂപ എന്നും, നീക്കിയിരിപ്പ് തുക -19118943.70 രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. നീക്കിയിരിപ്പ് തുക തിട്ടപ്പെടുത്തിയതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

ഡി) ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ചെലവ് (218754507.00) വരവിലു (209613179.00) മധികമായി രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം 9141328/- രൂപ. ഡിപ്രിസിയേഷൻ അരിയർ ഡിമാന്റ് എന്നിവക്ക് വേണ്ടി ചെയ്ത ജേണൽ വൗച്ചർ ഇൻകം & എക്സ്പെന്റിച്ചറിലെ എക്സ്പെന്റിച്ചർ ഭാഗത്ത് വരുന്നതിനാലാണ് ചെലവ് കൂടി നിൽക്കുന്നത് എന്നു മറുപടി നൽകി.

ഇ) ഐ 19 പ്രയർ പിരീഡ് ഇൻകം ഷെഡ്യൂൾ പ്രകാരമുള്ള പ്രോപ്പർട്ടി ടാക്സ് ഹെഡിൽ ചുവടെ ചേർക്കും പ്രകാരം തുക ക്രമീകരിച്ചിട്ടുണ്ട്.

വരവിനം	തുക
190100101 പ്രോപ്പർട്ടി ടാക്സ്	-22394

സഞ്ചയയിലുള്ള അരിയർ ഡിമാന്റുമായി ഐ.എൽ.ജി.എം.എസ്. ഡിമാന്റ് പൊരുത്തപ്പെടുത്തുന്നതിനു ജേണൽ എൻട്രി നൽകിയതാണ് ഇതു എന്നു മറുപടി നൽകി. സഞ്ചയ ഡിമാന്റും ഐ.എൽ.ജി.എം.എസ്. ഡിമാന്റും പൊരുത്തപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കിയില്ല. ആയതിനുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

എഫ്) ആർ.പി. 30 ഷെഡ്യൂളിൽ 320200104 സി.എഫ്.സി- ബേസിക് ടാക്സ് ഗ്രാന്റ് ഹെഡിൽ 2710046/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സി.എഫ്.സി. പി.എഫ്.എം.എസ്. അക്കൗണ്ടിൽ ഈയിനത്തിൽ ലഭിച്ചിട്ടുള്ള വരവ് 26,98,046/- രൂപ മാത്രമാണ്. (108046/- രൂപയുടെ പലിശ വരവ് ലഭിച്ചത് 120046/- രൂപ എന്നു ഉൾപ്പെടുത്തി)

ജി) സി.എഫ്.സി. ഗ്രാന്റിന്റെ ചെലവ് സുലേഖ ചെലവു പത്രിക പ്രകാരം 5443873/- രൂപയാണ്. വാർഷിക കണക്കുകൾ ഐ6 + ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡുകളിലായി സി.എഫ്.സി. ഫണ്ടിന്റെ ചെലവ് 5647197/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.

എച്ച്) വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള ഇ- ടെണ്ടർ ഫീ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് സാമ്പത്തിക വർഷത്തിൽ ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനതു വരവായ പ്രസ്തുത തുക സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	25.03.2022	22.03.2023
ഭരണസമിതി തീരുമാനം	1(1)	1(1)
മുന്നിരിപ്പ്	9423585	12670218
വരവ്	299725000	508971945
ചെലവ്	307825500	508199296
നീക്കിയിരിപ്പ്	1323085	13442867

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും, അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	കാലയളവ്	ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ)
1	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ	2021 ഡിസംബർ 15	രേഖകൾ ലഭ്യമായില്ല

	ആവശ്യപ്പെടൽ	ന് മുൻപ്	
2	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ	2022 ജനുവരി 15 ന് മുൻപ്	രേഖകൾ ലഭ്യമായില്ല
3	ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ	2022 ജനുവരി 22 നു മുൻപ്	വികസനം -21.03.22, ക്ഷേമകാര്യം, ആരോഗ്യം വിദ്യാഭ്യാസം, ധനകാര്യം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ്/ബജറ്റ് ചർച്ച നടത്തിയിതിനുള്ള രേഖകൾ ലഭ്യമായില്ല.
4	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം	2022 ഫെബ്രുവരി 1 ന് മുൻപ്	രേഖകൾ ലഭ്യമായില്ല
5	ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം	2022 ഫെബ്രുവരി 28 ന് മുൻപ്	വിശദാംശം ലഭ്യമാക്കിയില്ല
6	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ	2022 മാർച്ച് 1 ന് മുൻപ്	രേഖകൾ ലഭ്യമായില്ല
7	കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ	2022 മാർച്ച് 7 ന് മുൻപ്	24.03.2022
8	അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ		25.03.2022

പദ്ധതികൾക്കു അംഗീകാരം നൽകി പദ്ധതി ചെലവു കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിനു മുൻപായി വാർഷിക പദ്ധതികൾക്കു രൂപം നൽകാൻ സാധിക്കാത്ത സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം നേടുന്ന മുറയ്ക്കു ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ചെലവുകൾക്കു ബന്ധപ്പെട്ട ഹെഡുകളിൽ തുക വകയിരുത്തിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വിവിധ വരവു, യഥാർത്ഥ വരവുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വരവ്

ഹെഡ്	റീവൈസ്ഡ് ബജറ്റ് പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം
1102001 തൊഴിൽ നികുതി	950000	1061930
1301001 വാടക	275000	280662

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	20391823
ഓഡിറ്റ് വർഷത്തെ വരവ്	26367863
ആകെ	46759686
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	26684452
നീക്കിയിരിപ്പ്	20075234

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 209613179/- രൂപയും ചെലവ് 218754507/- രൂപയുമാണ് .

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	8850959	8850959	14622827	-5771868
വികസനഫണ്ട് എസ്.സി.പി.	0	6181352	6181352	5053532	1127820
വികസനഫണ്ട് റ്റി.എസ്.പി.	0	168368	168368	210934	-42566
സി.എഫ്.സി. ടൈഡ്	0	6476470	6476470	2438804	4037666
സി.എഫ്.സി. അൺടൈഡ്	0	3225544	3225544	3005069	220475
സംരക്ഷണഗ്രാന്റ് റോഡ്	0	16784000	16784000	9716516	7067484
സംരക്ഷണഗ്രാന്റ് നോൺ റോഡ്	0	5396000	5396000	5291592	104408
CSS	0	0	0	1586003	-1586003
SSS	0	0	0	900000	-900000

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (5126881 രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (963600 രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവു ചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

വരവ് വിശദാംശം

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം	സർക്കാർ ഉത്തരവുകൾ പ്രകാരം
വികസനഫണ്ട് പൊതുവിഭാഗം	8850959	14773066
വികസനഫണ്ട് എസ്.സി.പി.	6181352	6455000
വികസനഫണ്ട് റ്റി.എസ്.പി.	168368	210934

2) ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

ചെലവ് വിശദാംശം

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് / സുലേഖ പ്രകാരം	എ.സി.ആർ പ്രകാരം
വികസനഫണ്ട് (ജനറൽ)	14622827	8848560

വികസനഫണ്ട് (എസ്.സി.പി)	5053532	4779884
വികസനഫണ്ട് (റ്റി.എസ്.പി)	210934	168368
മെയിന്റനൻസ് ഗ്രാന്റ് റോഡ്	9716516	11057090

3) സി.എഫ്.സി. ഫണ്ട് മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് 2079430/- , വരവ് 5647197/-, നീക്കിയിരിപ്പ് 4395989/-).

4) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കു ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 147840 രൂപ കുറവു ചെയ്തു പോയിട്ടുണ്ട്.

ഗ്രാന്റ് വിനിയോഗത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/02.11.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പദ്ധതി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനു ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
(എ)

ഫണ്ട്	2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക	2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	14773066	14622827	150239
വികസനഫണ്ട് എസ്.സി.പി	6455000	5053532	1401468
വികസനഫണ്ട് ടി.എസ്.പി	210934	210934	0
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	5396000	5291592	104408
മെയിന്റനൻസ് ഗ്രാന്റ് റോഡ്	16784000	9716516	7067484


ആകെ	**43619000**	**34895401**	**8723599**

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)



2)



ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം						
ഫണ്ട്	മുന്നിരിപ്പ് 2021-22 B4 ഷെഡ്യൂൾ പ്രകാരം	വരവ് (ഗ്രാന്റ് സ്റ്റേറ്റ്മന്റ് വരവ്)	ആകെ	ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	നീക്കിയിരിപ്പ്	നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം)
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2079430	6476470	11781444	2438804	6337571	4037666
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)		3225544		3005069		358323

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം

				(ഗുണഭോക്തൃ വിഹിതം ഒഴികെ)		
കൃഷി ഓഫീസർ	18	16	2	2089000	970775	46
വെറ്റിനറി സർജൻ	11	10	1	1655000	1069939	65
മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	16	12	4	2721948	2027241	74
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	0	500000	500000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	28	21	7	18914570	8937261	47
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	16	16	0	5255501	4649126	88
സെക്രട്ടറി	53	30	23	18284304	11554599	63
അസിസ്റ്റന്റ് എഞ്ചിനീയർ	58	48	10	27909298	14617085	52
ഹെഡ് മാസ്റ്റർ	4	3	1	941500	362910	38
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	1200000	1130000	94
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	1	0	200000	56000	28

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	20547333	14622827	71.1
എസ്.സി.പി.	6728648	5053532	75.1
ടി. എസ്. പി.	253500	210934	83.2
ധനകാര്യ കമ്മിഷൻ അവാർഡ്	10988135	5443873	49.5
കേന്ദ്രാവിഷ്കൃത ഫണ്ട്	3205000	1586003	49.5
സംസ്ഥാനാവിഷ്കൃത ഫണ്ട്	3000000	900000	30
തനത് ഫണ്ട്	2046351	1001966	49
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	2771375	1451318	52.3
മറ്റ് ജില്ലാ പഞ്ചായത്ത്	4667391	596375	12.8
മെയിന്റനൻസ് റോഡ്	18504605	9716516	53
മെയിന്റനൻസ് റോഡിതരം	6469050	5291592	81.8
മറ്റുള്ളവ	9148816	0	0
ആകെ	88699937	45874936	51.8

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
207	159	48	79551121	45874936	58

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടില്ല. ആസൂത്രണ സമിതി വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ അംഗങ്ങൾ പങ്കെടുക്കാത്ത സാഹചര്യത്തിൽ 2023-24 പദ്ധതി രൂപീകരണ വേളയിൽ ആസൂത്രണ സമിതി പുനസംഘടിപ്പിക്കുന്നതിന് 07.05.2022 ലെ യോഗത്തിൽ ഭരണസമിതിയോട് ശുപാർശ ചെയ്തെങ്കിലും പുനസംഘടിപ്പിച്ചില്ല.

മുൻ വർഷത്തെ ആസൂത്രണ സമിതി തന്നെ ഓഡിറ്റ് വർഷവും തുടരുന്നു.(ഓഡിറ്റ് എൻകവയറി നമ്പർ 01/25.10.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

7.05.2022 (യോഗത്തിൽ 7 പേർ പങ്കെടുത്തു)

09.05.2022 (യോഗത്തിൽ 14 പേർ പങ്കെടുത്തു)

16.06.2022 (യോഗത്തിൽ 19 പേർ പങ്കെടുത്തു)എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്.

ആസൂത്രണസമിതി മിനിട്സ് ബുക്കിൽ യഥാസമയം എല്ലാ യോഗങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം. 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 28.05.2022 ലെ 1(6) നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2 (ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉത്തരവായി സൂക്ഷിച്ചിട്ടില്ലായെന്നും തൻവർഷം മുതൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി (ഓഡിറ്റ് എൻകവയറി നം.1/2023 തീ. 25.10.2023) വർക്കിംഗ് ഗ്രൂപ്പ് യഥാസമയം നിർവഹിക്കുന്ന ചുമതലകളുടെ വിശദാംശങ്ങൾ മിനിട്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ യഥാസമയം മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി രൂപികരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം
1	പൊതുമരാമത്ത്, വൈദ്യുതിയും ഊർജ്ജവും	18.05.22	മണ്ഡപത്തിൻകടവ് ജംഗ്ഷൻ മോഡിഫൈ.
2	കുടിവെള്ളം, ശുചിത്വം	18.05.22	മാർക്കറ്റുകളിൽ കാലാകാലങ്ങളായി കെട്ടിക്കിടക്കുന്ന മാലിന്യങ്ങളുടെ നിർമാർജ്ജനം.
3	വനിതാ ശിശു വികസനം	18.05.22	അങ്കണവാടികളിൽ പതാക നിർത്തുന്നതിനുള്ള കൊടി മരം.
4	സാമൂഹ്യനീതി	18.05.22	വയോജനങ്ങൾക്ക് കട്ടിൽ അനുവദിക്കുക.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻകെയറി നമ്പർ 1/25.10.2023 ന്റെ മറുപടി)
I	പാർപ്പിടം	ഗുരുതരം	ഭവനമില്ലാത്തവർക്ക് ഭവനനിർമ്മാണം	പ്രോജക്ടിൽ തുക വകയിരുത്തി.
Ii	റോഡ്	ഗുരുതരം	റോഡ് വികസനം	പ്രോജക്ടിൽ തുക വകയിരുത്തി.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ലെന്നും വരും വർഷങ്ങളിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം യാതൊരു പദ്ധതികളും എറ്റെടുത്തിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പാഥേയം, അഗതിരഹിത കേരളം, ആശ്രയ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-6-1 സാമൂഹ്യ ക്ഷേമ പെൻഷൻ - പെൻഷണറുടെ മരണശേഷവും പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചു

സേവനയിലെ വിവരങ്ങൾ പ്രകാരം, വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ പെൻഷണറുടെ മരണശേഷവും ബാങ്കിൽ നിക്ഷേപിച്ചു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര് ആധാർ നമ്പർ	പെൻഷൻ	പ്രതിമാസ പെൻഷൻ തുക	മരണം	അവസാനമായി വിതരണം നടത്തിയ മാസം	സ്റ്റാറ്റസ്
1	ജ്ഞാനാദാസ് പി 339880054981	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1600	05.03.2022	June-2023	ആക്ടീവ്
2	സെൽവ്വനായകം 440285944646	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1600	16.03.2022	June-2023	ആക്ടീവ്
3	കൃഷ്ണമ്മ ബി 249345140768	കർഷക തൊഴിലാളി പെൻഷൻ	1600	05.04.2022	June-2023	ആക്ടീവ്
4	കൃഷ്ണൻ നായർ 256739004996	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1600	30.04.2022	June-2023	ആക്ടീവ്
5	പത്മാവതി	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1600	06.12.2021	June-2023	ആക്ടീവ്
6	കമലമ്മപിള്ള 457198856886	കർഷക തൊഴിലാളി പെൻഷൻ	1600	06.12.2021	June-2023	ആക്ടീവ്

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/31.10.2023) മറുപടി ലഭ്യമാക്കിയില്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹരായവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതും, മരണമടഞ്ഞവരുടെ പെൻഷൻ അക്കൗണ്ടുകൾ അടിയന്തിരമായി 'സസ്പെന്റ്' ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	6509300
വിധവാപെൻഷൻ	13363700
വാർദ്ധക്യകാലപെൻഷൻ	24932800
വികലാംഗപെൻഷൻ	4212800
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	120000

അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ	388800

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 25.10.2023 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 02:15 മണിക്ക് നടത്തുകയുണ്ടായി. പണം നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തുക അക്കത്തിൽ : 12,820/- രൂപ
തുക അക്ഷരത്തിൽ : പന്ത്രണ്ടായിരത്തി എണ്ണൂറ്റി ഇരുപത് രൂപ

തുക	എണ്ണം	തുക
500	24	12,000
200	02	400
100	03	300
50	02	100
10	02	20
	ആകെ പണം	**12,820/-**

എന്നാൽ, 25.10.2023 ഡേ ബുക്ക് പ്രകാരം 12,510/- രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. ക്യാഷറുടെ കൈയിൽ പണം എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ ഉണ്ടായിരുന്നില്ല. പരിശോധനയിൽ 310/- രൂപ അധികമായി കണ്ടെത്തിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/25.10.2023) ക്യാഷറുടെ കൈയിലുണ്ടായിരുന്ന രൂപയും അതിൽ ഉണ്ടായിരുന്നുവെന്നാണ് മറുപടി നൽകിയത്. 'സെൽഫ് ഡിക്ലറേഷൻ ഓഫ് മണി' രജിസ്റ്റർ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരുന്നില്ല. ഭാവിയിൽ ക്യാഷ് കൗണ്ടറിൽ ഡ്യൂട്ടിയിലുള്ളവർ നിർബന്ധമായും അവരുടെ കൈവശമുള്ള രൂപയുടെ വിവരം മേൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന വിഷയങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

1) ഓഫീസ് ഉത്തരവ് മുഖേന ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എങ്കിലും സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നില്ല. കൂടാതെ മീറ്റിംഗിൽ ജീവനക്കാരുടെ ഹാജർ നില വളരെ കുറവാണ്. യോഗ തീരുമാനം, മീറ്റിംഗ് മിനിട്സ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. 'സെൽഫ് ഡിക്ലറേഷൻ ഓഫ് മണി' രജിസ്റ്റർ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിരുന്നില്ല. ഭാവിയിൽ ക്യാഷ് കൗണ്ടറിൽ ഡ്യൂട്ടിയിലുള്ളവർ നിർബന്ധമായും പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കേണ്ടതും അവരുടെ കൈവശമുള്ള രൂപയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3) തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

4) ഷോപ്പിങ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

5) നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ, മുൻകൂറുകളുടെ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

6) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9-1 ദേശീയ തൊഴിലുറപ്പ് പദ്ധതി സാധന സാമഗ്രികൾ സമാഹരിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിക്കായുള്ള സാധന സാമഗ്രികളുടെ സമാഹരണത്തിനായി സ.ഉ(കൈ)നം. 93/2012/തസ്വഭവ തീയതി 31.03.2012 ലൂടെ സർക്കാർ

മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

എ) ഓരോ അർദ്ധവർഷത്തേക്കും ആവശ്യമായ സാധനങ്ങളുടെ അളവ് നിശ്ചയിച്ച്, ടെണ്ടർ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങി തൊഴിലാളികളിലൂടെ പ്രവൃത്തി നിർവഹിക്കണമെന്നിരിക്കേ ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചു പ്രവൃത്തി പൊതുമരാമത്ത് കരാറുകാരിലൂടെ നിർവഹിക്കുന്നു.

ബി) ടെണ്ടറുകളുടെ ഭാഗമായുള്ള ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ദർഘാസ് പ്രമാണങ്ങളുടെ വിറ്റു വരവ് ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണെങ്കിലും ടെണ്ടർ ഫീ വരവ് തൊഴിലുറപ്പു പദ്ധതി വരവുകളിലുൾപ്പെടുത്തിയിട്ടില്ല.

സി) സൈറ്റിൽ ലഭ്യമാകുന്ന സാധനസാമഗ്രികൾ മേറ്റ് കൈപ്പറ്റി, എഞ്ചിനീയറുടെ മേൽ ഒപ്പോടുകൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെങ്കിലും, പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടില്ല. 26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയ്ക്കും ആവശ്യം ഉള്ള സാധനസാഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി എം.ബുക്കിൽ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലുമുള്ള സാധനങ്ങളാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തിയതിനു ശേഷം ഓരോ സാധനവും എത്ര അളവിൽ ചെലവായി എന്ന വിവരം എം.ബുക്കിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികളുടെ എം.ബുക്കിൽ മേൽ പ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികൾക്കായി ലഭിച്ച സാധനസാമഗ്രികളുടെ വിവരം മേറ്റ്, അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഡി) ലഭ്യമായ സാധന സാമഗ്രികളുടെ അളവോ, സാധനത്തിന്റെ വില ഉൾപ്പെടുന്ന ബില്ലോ പദ്ധതി ഫയലിൽ ലഭ്യമല്ല. എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളുടെ അടിസ്ഥാനത്തിൽ, ഉപയോഗിക്കേണ്ട മെറ്റീരിയലുകളുടെ അളവുകൾ, ഉപകരണങ്ങൾക്കുള്ള വാടക എന്നിവ അക്രെഡിറ്റഡ് എഞ്ചിനീയർ കണക്കാക്കി, പ്രസ്തുത അളവിനനുസരിച്ചാണ് മെറ്റീരിയലുകളുടെ തുക, ഉപകരണങ്ങളുടെ വാടക അനുവദിച്ചിട്ടുള്ളത്.

മേൽ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 13,18,29) മാർഗ്ഗനിർദ്ദേശ പ്രകാരം ടെണ്ടർ ക്ഷണിച്ചപ്പോൾ വെണ്ടർമാർ ആരും തന്നെ മുന്നോട്ടു വരാൻ തയ്യാറാകാത്തതിനാലാണ് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ചത് എന്നും, തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും മറുപടി നൽകി. പ്രവൃത്തിക്ക് ലഭ്യമായ സാധന സാമഗ്രികളുടെ അളവ് മെറ്റീരിയൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടി നൽകി. എന്നാൽ മെറ്റീരിയൽ കൈപ്പറ്റിയതിനും ഉപയോഗപ്പെടുത്തിയതിനുമുള്ള മേറ്റിന്റെ സാക്ഷ്യപത്രം ലഭ്യമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു സാധനങ്ങൾ സമാഹരിക്കുന്നതിനും, പ്രവൃത്തികൾ നിർവഹിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-9-2 കുടുംബശ്രീ ഗ്രൂപ്പിനു വർക്ക് ഷെഡ് നിർമ്മിച്ചു നൽകിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പ്രവൃത്തിയുടെ പേര്- മണക്കാല വാർഡിൽ വർക്ക് ഷെഡ് നിർമ്മാണം

വർക്ക് കോഡ് - 1614007006/AV/276336

ഭരണാനുമതി - തീരുമാനം നം.1(4)തീയതി 15.04.2021

സാങ്കേതികാനുമതി - PBP/04/AEE/LSGD Dtd 20.09.2021

എഗ്രിമെന്റ് നം. - MGNREGS/25/21-22 തീയതി 03.01.2022

എം ബുക്ക് നം. - 234/21-22

പദ്ധതി പ്രകാരം 30.36 M2 വിസ്തീർണ്ണമുള്ള കോൺക്രീറ്റഡ് ബിൽഡിംഗ് (ടൈൽഡ് ഫ്ലോറിംഗ്, ടോയ്ലറ്റ് സൌകര്യങ്ങൾ ഉൾപ്പെടെ) ദർശന മൂല്യ വർദ്ധിത ഗ്രൂപ്പിന്റെ ആവശ്യത്തിലേക്കായി ശ്രീമതി. പുഷ്പിതാ ജെയിൻ എന്നയാളുടെ 227/3 എന്ന സർവേ നമ്പറിലെ സ്ഥലത്തു നിർമ്മിച്ചു നൽകിയിട്ടുണ്ട്. എൻ.ആർ.ഇ.ജി.എസ്. മാസ്റ്റർ ഗൈഡ് ലൈൻസ് ഖണ്ഡിക 3.4. പ്രകാരം സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡുകളുടെ നിർമ്മാണം അനുവദനീയമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി കൂടാതെ കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടില്ലായെന്നിരിക്കേ, മേൽ കെട്ടിടത്തിന് കെട്ടിട നിർമ്മാണാനുമതി, കെട്ടിട നമ്പർ തുടങ്ങിയവ നേടിയിട്ടില്ല. അഞ്ചു വർഷത്തെ തുടർന്നുള്ള കാലയളവിൽ ടി കെട്ടിടത്തിന്റെ ഉപയോഗം എപ്രകാരമായിരിക്കും എന്നത് വ്യക്തമല്ല. വർക്ക് ഷെഡ് എന്ന പേരിൽ അടച്ചുറപ്പുള്ള, സൌകര്യങ്ങളോടു കൂടിയ കെട്ടിടമാണ് പദ്ധതിയിലൂടെ സ്വകാര്യ ഭൂമിയിൽ നിർമ്മിച്ചു നൽകിയിട്ടുള്ളത്.



പ്രസ്തുത സ്ഥലം 5 വർഷത്തേക്ക് ടി ഗ്രൂപ്പിനു ഉപയോഗിക്കാവുന്നതാണെന്ന് സ്ഥല ഉടമ സമ്മതിച്ചിട്ടുണ്ട്. പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/31.10.2023) ന് വയറിംഗ് നടത്താനുള്ള തുകയുടെ ലഭ്യത കുറവ് മൂലമാണ് കെട്ടിടത്തിനുള്ള അനുമതി, നമ്പർ എന്നിവ ഇതുവരെ നേടാതിരുന്നത് എന്നും, അതിനുള്ള നടപടികൾ നടന്നു വരുന്നുവെന്നും മറുപടി നൽകി. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി, നമ്പറിംഗ് തുടങ്ങിയവ നേടാത്തത് ക്രമമല്ല. ടി കെട്ടിടം കുടുംബശ്രീ ഗ്രൂപ്പിന്റെ പ്രവർത്തന ആവശ്യങ്ങൾക്കു മാത്രമായി ഉപയോഗിക്കപ്പെടുന്നുവെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

1-9-3 മെറ്റീരിയൽ എഫ്.റ്റി.ഒ. - കരാറുകാരന്റെ പേര് തെറ്റായി ജനറേറ്റ് ചെയ്തു.

പ്രവൃത്തിയുടെ പേര് - മൈപറമ്പ് മുതൽ ഇണ്ടന്നൂർ വരെ റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ് - 1614007006/RC/347871

സാങ്കേതികാനുമതി - PBP/15/AEE/LSGD Dtd 25.10.2021

എഗ്രിമെന്റ് നം. - MGNREGS/18/21-22 തീയതി 02.02.2022

എം ബുക്ക് നം. - 198/21-22

പദ്ധതി പ്രകാരം ആകെ 231.8m നീളത്തിലും 5m വരെ വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ആകെ 1070513/- രൂപ ചെലവു ചെയ്തിട്ടുണ്ട്.

പദ്ധതിക്കായി 4 ഇ ബിഡുകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ചന്ദ്രൻ .എച്ച് എന്ന കരാറുകാരനാണ് കുറഞ്ഞ ബിഡ് (5.1%കുറവ്) ലഭ്യമാക്കിയത്. ടിയാൾ 02.02.2022 തീയതിയിൽ

ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. എന്നാൽ മെറ്റീരിയൽ എഫ്.റ്റി.ഒ. പ്രകാരം മെറ്റീരിയൽ വില, ഉപകരണങ്ങളുടെ വാടക എന്നിവ കെ. സുരേന്ദ്രൻ എന്ന കരാറുകാരനാണ് അനുവദിച്ചിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം.20/01.11.2023) മൈപറമ്പ് ഇണ്ടന്നൂർ റോഡിന് ശ്രീ. എച്ച്. ചന്ദ്രന് എഫ്.റ്റി.ഒ. തയ്യാറാക്കിയ സമയത്ത് മറ്റൊരു വെണ്ടറായ ശ്രീ. സുരേന്ദ്രൻ ചെയ്ത വേറൊരു വർക്കിന്റെ എഫ്.റ്റി.ഒ. യും തയ്യാറാക്കി വരികയായിരുന്നുവെന്നും, എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്ത സമയത്ത് വെണ്ടർമാരുടെ പേരുകൾ പരസ്പരം മാറിപോയി എന്നും, അധികമായി ശ്രീ. സുരേന്ദ്രനു അനുവദിച്ച 14,619/- രൂപ ശ്രീ. എച്ച്. ചന്ദ്രനു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകി.

ഏതൊക്കെ പ്രവൃത്തികളുടെ മെറ്റിരിയൽ എഫ്.റ്റി.ഒ. ആണ് ഇപ്രകാരം മാറിപ്പോയത് എന്നു വ്യക്തമാക്കിയില്ല. പരാമർശത്തിനു പ്രവൃത്തികളുടെ വിവരം മെറ്റിരിയൽ എഫ്.റ്റി.ഒ. അനുവദിച്ചതു സംബന്ധിച്ച വിവരങ്ങളുൾപ്പെടുത്തി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-9-4 മെറ്റിരിയലിനു കരാറിലുമധികമായി നിരക്കനുവദിച്ചു - 92,932/- രൂപ തിരികെ ഈടാക്കി

ഒലിപ്പുറം മുതൽ നാരകത്തിൻകുഴി വരെ റോഡ് നിർമ്മാണം പദ്ധതിയുടെ ഭാഗമായി മെറ്റീരിയൽ എഫ്.റ്റി.ഒ. നം. 0121EATPAYREQ0402202316105 ലൂടെ പ്രവൃത്തി ചെയ്ത കരാറുകാരനായ ശ്രീ. സുരേന്ദ്രൻ കെ. യ്ക്ക് 8,83,823/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിക്കായി സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം ആവശ്യമായ ആകെ മെറ്റീരിയലുകളുടെ എസ്റ്റിമേറ്റ് തുക 8,53,981.686 രൂപയാണ്. ശ്രീ. സുരേന്ദ്രൻ കെ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 7.2% കുറവിലാണ് (792495.005 രൂപ) ടെണ്ടർ കൈപ്പറ്റിരുന്നത്. ഇതിലേക്കായി ടിയാൾ 03.01.2022 തീയതിയിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്കായി കൈപ്പറ്റിയ, ഉപയോഗിച്ച മെറ്റീരിയിലുകളുടെ അളവുകൾ സംബന്ധിച്ച രേഖകൾ, ഉപയോഗപ്പെടുത്തിയ സാധനങ്ങളുടെ അളവു രേഖപ്പെടുത്തിയ ബിൽ എന്നിവയൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയ മെറ്റീരിയലുകളുടെ വില എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 7.2% കുറവിൽ, അതായത് പരമാവധി 792495.005 രൂപ മാത്രമാണ് അനുവദിക്കാവുന്നത്. അധികമായി മെറ്റീരിയൽ കോസ്റ്റ് അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 20/01.11.2023) പ്രവൃത്തിക്കായി 1385000/- രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി, കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് തയ്യാറാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയെങ്കിലും, റേറ്റ് റിവിഷൻ വന്നപ്പോൾ അതനുസരിച്ചുള്ള കൺസോളിഡേറ്റഡ് മെറ്റിരിയൽ ലിസ്റ്റ് പ്രകാരം സാധനസാമഗ്രികൾക്ക് തുക നൽകിപ്പോയതാണെന്നും, അധികം നൽകിയ തുക തിരികെ ഒടുക്കാമെന്ന് വെണ്ടർ സമ്മതിച്ചിട്ടുള്ളതായും മറുപടി നൽകി. തുടർന്ന്, രസീത് നം. 1231000136/G010903 പ്രകാരം 92,932/- രൂപ 03.11.2023 തീയതിയിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായും അറിയിച്ചു. പ്രവൃത്തിക്കായി കൈപ്പറ്റിയ മെറ്റീരിയലുകളുടെ അളവ് കൃത്യമായി പരിശോധിച്ച് അനുവദിക്കാവുന്ന തുക കണ്ടെത്തി തുക ദേശീയ തൊഴിലുറപ്പു പദ്ധതി ഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-9-5 മെറ്റീരിയലിന് ലോക്കൽ മാർക്കറ്റ് റേറ്റിലുമധിക നിരക്ക് അനുവദിച്ചു

എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തു പ്രകാരം SECURE Software-ൽ സിമന്റിന് LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430/- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സ്മാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

08.07.2022 നു ശേഷം എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ക്രമ നം.	പ്രവൃത്തി, വർക്ക് കോഡ്, എം.ബുക്ക് നം.	ഉപയോഗിച്ച സിമന്റിന്റെ അളവ്, കരാറുകാരൻ	സിമന്റിനു അനുവദിച്ച തുക, എഫ്.റ്റി.ഒ. തീയതി	അധികമായി അനുവദിച്ച തുക [സിമന്റിനു അനുവദിച്ച തുക-(ഉപയോഗിച്ച സിമന്റിന്റെ അളവ്*1000/50)*430] നിരക്കിൽ കണക്കാക്കുമ്പോൾ
1	തേവരുകോണം മുതൽ വെളിയന്നൂർ വരെ റോഡ് പുനരുദ്ധാരണം RC/347752 233/21-22	30.61 ടൺ റ്റി. സെൽവരാജ്	345575 08.11.2022	82329
2	പള്ളിനട മുതൽ പാലോട്ടുകോണം റോഡ് നിർമ്മാണം RC/349810 206/21-22	25.052 ടൺ സുരേന്ദ്രൻ കെ	268339 03.08.2022	52892
3	പള്ളിനട മുതൽ പാണ്ടിമാംപാറ റോഡ് നിർമ്മാണം RC/349045 216/21-22	29.7 ടൺ സുരേന്ദ്രൻ കെ	318125 11.07.2022	62705
4	മൈപറമ്പ് മുതൽ ഇണ്ടന്നൂർ വരെ റോഡ് കോൺക്രീറ്റ് RC/347871 198/21-22	33.342 ടൺ എച്ച് ചന്ദ്രൻ	356445 11.07.2022	69704
5	ചാമക്കോണം മുതൽ വാളികോട് വരെ റോഡ് കോൺക്രീറ്റ് RC/347864 199/21-22	38.152 ടൺ സുരേന്ദ്രൻ കെ	407866 11.07.2022	79759
6	ചിറയകോണം മുതൽ പനയറതല വരെ റോഡ് നിർമ്മാണം RC/349051 203/21-22	2 ടൺ സുരേന്ദ്രൻ കെ	21422 11.07.2022	4222
7	മണക്കാല വാർഡിൽ വർക്ക് ഷെഡ് നിർമ്മാണം RC/276336 234/21-22	6.471 ടൺ റ്റി. സെൽവരാജ്	73800 22.02.2023	18149
			ആകെ	**369760**

മേൽ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29/02.11.2023) ഓംബുഡ്സ്മാൻ അവാർഡ് കോപ്പി ലഭ്യമല്ലായിരുന്നുവെന്നും, കുടിശ്ശികയായിരിക്കുന്ന പ്രവൃത്തികൾക്ക് ഓംബുഡ്സ്മാൻ നിർദ്ദേശങ്ങൾക്കു വിധേയമായി മാത്രം എഫ്.റ്റി.ഒ. ജനറേറ്റ്

ചെയ്യുന്നതാണെന്നും മറുപടി നൽകി. പ്രസ്തുത മറുപടി തൃപ്തികരമല്ല. മേൽ പ്രവൃത്തികളിൽ പർച്ചേസ് ബില്ലിലെ യഥാർത്ഥ മാർക്കറ്റ് റേറ്റിനനുസൃതമായി തുക കണക്കാക്കി അധികമായി അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ദേശീയ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. സമാനമായി, മേൽ പരാമർശിച്ചിട്ടില്ലാത്ത ഏതെങ്കിലും പ്രവൃത്തികൾക്ക് അധികമായി തുക അനുവദിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതും, അധികമായി തുക അനുവദിച്ചിട്ടുള്ള പക്ഷം പ്രസ്തുത തുകയും തിരികെ ഈടാക്കി പദ്ധതി ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	10415	1101205	1111620	0	1111620
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക	0	110201095	110201095	110201095	0
ആകെ	**10415**	**111302300**	**111312715**	**110201095**	**1111620**

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	18.10.22	8/2021 -3/2022	ലഭിച്ചിട്ടില്ല
അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്	7.2.2019 മുതൽ 20.2.2019 വരെ	2013-14 മുതൽ 2017-18 വരെ	28.3.2019

1-11 സ്ഥാപന നികുതിയും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തെ സ്ഥാപന നികുതിയും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം
1	എം.പി.എൽ.എസ്.ആലച്ചൽ കോണം
2	ദേവസ്വം ഓഫീസ്
3	പൂഴിനാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി
4	ഔർ ഓൺ മൾട്ടി സ്പെഷ്യാലിറ്റി ആന്റ് ഓർത്തോഡോന്റിക് ക്ലിനിക്ക്, പൂഴനാട്
5	വിവേകാനന്ദ പബ്ളിക്ക് സ്ക്കൂൾ
6	ആര്യ സ്ക്കൂൾ, ഒറ്റശേഖരമംഗലം
7	എസ്.കെ ഫിനാൻസ്, പൂഴനാട്

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി സമാഹരിക്കാത്തതിന്റെ സാഹചര്യം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/31.10.2023) കുടിശ്ശിക അടവാക്കുവാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-12 വസ്തു നികുതി കുടിശ്ശിക 9,95,757/- രൂപ

സഞ്ചയയിലെ രേഖകൾ പ്രകാരം 2022-'23 വർഷത്തിൽ 9,95,757/- രൂപ വസ്തു നികുതി ഇനത്തിൽ ലഭിക്കേണ്ടതുണ്ട്.

വാർഡ്	നികുതി ലഭിക്കേണ്ടിയിരുന്നത് (രൂപ)	നികുതി ലഭിച്ചത് (രൂപ)	നികുതി ലഭിക്കാനുള്ളത് (രൂപ)

പൂഴനാട്	3,01,327	1,40,476	1,60,851
ആലച്ചൽകോണം	61,941	61,817	124
മണക്കാല	2,18,550	1,32,790	85,760
പേരേക്കോണം	1,94,882	1,53,370	41,512
കളിവിളാകം	1,85,617	92,819	92,798
വാഴിച്ചൽ	5,04,102	4,18,119	85,983
പ്ലാമ്പഴിഞ്ഞി	1,17,688	87,847	29,841
വട്ടപ്പറമ്പ്	2,37,829	1,53,387	84,442
ഒറ്റശേഖരമംഗലം	4,70,343	2,71,004	1,99,339
കുരവറ	2,34,246	1,62,449	71,797
വാളികോട്	1,16,906	76,232	40,674
മണ്ഡപത്തിൻ കടവ്	3,60,897	3,57,942	2,955
കുന്നനാട്	2,07,483	1,57,226	50,257
കടമ്പറ	2,68,542	2,19,118	49,424
ആകെ	**34,80,353**	**24,84,596**	**9,95,757**

നികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/2023, 02.11.2023) വസ്തു കുടിശ്ശിക അടവാക്കുവാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചു. നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-13 ഷോപ്പിങ് കോംപ്ലക്സിലെ കടമുറികളുടെ വാടക ഒടുക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൂഴനാട് ഷോപ്പിങ് കോംപ്ലക്സിലെ X, XI, XII നമ്പർ കടമുറികൾ പ്രതിമാസ വാടകയ്ക്ക് മാവേലി സ്റ്റോർ നടത്തുന്നതിന് അസിസ്റ്റന്റ് മാനേജർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, താലൂക്ക് ഡിപ്പോ, നെയ്യാറ്റിൻകരയ്ക്ക് 31.07.2024 വരെ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം നാളിതുവരെ വാടക ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല. വാടക ഒടുക്കിയതിന്റെ വിവരം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/2023,02.11.2023) മറുപടി ലഭ്യമാക്കിയില്ല. വാടകയുടെ ഒടുക്കു വിവരം അറിയിക്കേണ്ടതും ഒടുക്കിയിട്ടില്ലെങ്കിൽ വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 മണ്ഡപത്തിൻ കടവ് വെയിറ്റിങ്ങ് ഷെഡിനോട് ചേർന്ന കടമുറി വാടക കുടിശ്ശിക ഒടുക്കിയില്ല

ഗ്രാമ പഞ്ചായത്ത് മണ്ഡപത്തിൻ കടവ് വെയിറ്റിങ്ങ് ഷെഡിനോട് ചേർന്ന കടമുറി 8,260/- രൂപ (ജി.എസ്.ടി. ഉൾപ്പെടെ) പ്രതിമാസ വാടകയിനത്തിൽ 01.04.2022 മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെയുള്ള വാടക കുടിശ്ശിക വരുത്തിയിരുന്നു. വാടക കുടിശ്ശിക ഒടുക്കിയില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് എ 4 - 575/2022 തീയതി 26.02.2023 പ്രകാരം വാടകക്കാരനായ ശ്രീ.ഷിജു, കൃപാ ഭവൻ, പേരേക്കോണം, വാഴിച്ചിൽ പി.ഒ. എന്ന വ്യക്തിക്ക് അറിയിപ്പ് നൽകിയിരുന്നു. ഇതിന്റെ നിലവിലെ അവസ്ഥ അറിയിക്കുവാൻ നൽകിയ അന്വേഷണത്തിന് (27/2023, 02.11.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി സംബന്ധമായ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/02.11.2023) മറുപടി ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ആയതിനായി ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം

തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഡേറ്റാബേസ് തയ്യാറാക്കേണ്ടതും പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ വ്യകതികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-16 സർക്കാരിൽ നിന്നും തിരികെ ലഭിച്ച തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

മുൻ വർഷ ബാലൻസ് ഷീറ്റ് ബി 15 പ്രകാരം സർക്കാർ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച തുക 293834/- രൂപയാണ്. എന്നാൽ ഈയിനത്തിൽ ട്രഷറി ജോയിന്റ് വെൻച്വർ അക്കൌണ്ടിൽ തൻ വർഷം ഗ്രാമപഞ്ചായത്തിനു തിരികെ ലഭിച്ചത് 310263/- രൂപയാണ്. പിൻവലിച്ചതിലുമധികമായി തുക തിരികെ ലഭിച്ചതു ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/28.10.2023) മറുപടി ലഭ്യമാക്കുകയോ, മുൻ സാമ്പത്തിക വർഷത്തെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. തുക അധികമായി ലഭിച്ചിട്ടുണ്ടോ എന്നതു പരിശോധിച്ചു മറുപടി ലഭ്യമാക്കേണ്ടതാണ്.

1-17 ഡേ ബുക്കിൽ റസീപ്റ്റ് ചെയ്തിട്ടുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഡേ ബുക്കിൽ വരവു വച്ചിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായതായി ബോധ്യപ്പെട്ടിട്ടില്ല.

തീയതി	റസീപ്റ്റ് നം.	പേര്	വരവിനം	തുക
30.06.22	1220300288	റിജു ജെ	പ്രോപ്പർട്ടി ടാക്സ്	2374
06.07.22	1220300321	അനൂപ് എം.ആർ	ലൈസൻസ് ഫീ	1100
06.08.22	1220300435	ബാലകൃഷ്ണൻ	പ്രോപ്പർട്ടി ടാക്സ്	1831
05.11.22	1220301203	ജോസ് റ്റി	പ്രോപ്പർട്ടി ടാക്സ്	860
16.11.22	1220301550	പ്രവീൺ കുമാർ കെ	പ്രോപ്പർട്ടി ടാക്സ്	1708
16.11.22	1220301551	കൃഷ്ണൻ നായർ	പ്രോപ്പർട്ടി ടാക്സ്	404
18.11.22	1220301606	ആതിര	പ്രോപ്പർട്ടി ടാക്സ്	65
18.11.22	1220301607	ഉഷകുമാരി ബി	പ്രോപ്പർട്ടി ടാക്സ്	100
18.11.22	1220301608	ഉഷകുമാരി ബി	പ്രോപ്പർട്ടി ടാക്സ്	111
18.11.22	1220301609	ഉഷകുമാരി ബി	പ്രോപ്പർട്ടി ടാക്സ്	111
18.11.22	1220301610	ഉഷകുമാരി ബി	പ്രോപ്പർട്ടി ടാക്സ്	113
23.11.22	1220301659 - 1220301665	കെ ഷാജി	പ്രോപ്പർട്ടി ടാക്സ്	15519
30.03.23	1220302815, 16	ഇൻഡി ട്രേഡ് മൈക്രോ ഫിനാൻസ്	പ്രൊഫഷൻ ടാക്സ്	6030

ബാങ്ക് റസീപ്റ്റുകൾ പണമാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/26.10.2023) മറുപടി, രേഖകൾ ലഭ്യമാക്കിയില്ല. പരാമർശത്തിനു രേഖകൾ സഹിതം രണ്ടുമാസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 ഓൺലൈൻ ഇടപാടുകളിലൂടെ ലഭിക്കുന്ന തനതു വരുമാനം അതാതു ദിവസങ്ങളിൽ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഇ പേമെന്റ് അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം ജൂലൈ 2022 മുതലുള്ള 2038/- രൂപ (35 ഇടപാടുകളുടെ തുക) അക്കൌണ്ടിൽ വന്നിട്ടില്ലാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ഇടപാടുകളിലൂടെ നിക്ഷേപിക്കപ്പെടുന്ന തുക ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/27.10.2023) ഐ.കെ.എം. പേമെന്റ് ഇന്റർഫേസ് വഴി വന്ന വസ്തുനികുതി തുക അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രം പഞ്ചായത്ത് അക്കൌണ്ടിൽ വന്നതു കാരണമാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നു മറുപടി നൽകി. ഓൺലൈൻ ഇടപാടുകൾ ഇടപാടു നടന്ന തീയതിയിൽ വിവിധ ആപ്ലിക്കേഷനുകളിൽ രേഖപ്പെടുത്തുന്നുണ്ട് എന്നിരിക്കേ തുക ലഭിക്കുന്നതിനു കാലതാമസമുണ്ടാകുന്നത് അംഗീകരിക്കാനാകില്ല. ഇടപാടു തീയതിയിൽ തന്നെ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ ലഭിക്കേണ്ടതുണ്ട്. അപാകത ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ഭരണവകുപ്പ് മുഖാന്തിരം തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-19 ഭരണസമിതി യോഗം തീരുമാനം-തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഓഫീസ് നിർമ്മാണവും ഫർണിഷിംഗുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകളും നിലവിലെ ഓഫീസ് കെട്ടിടത്തിന്റെ അവസ്ഥയും 18.10.22 ലെ ഭരണസമിതി യോഗം ചർച്ച ചെയ്തു. ബഹു. പാറശ്ശാല എം.എൽ.എ യുടെ 2015-16 ലെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്ത് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിച്ചത്. എന്നാൽ അശാസ്ത്രീയമായ നിർമ്മാണവും നിർമ്മാണത്തിനായി ഉപയോഗിച്ച മെറ്റീരിയലുകളുടെ മോശമായ ഗുണനിലവാരവും നിമിത്തം കെട്ടിടത്തിന്റെ ചുമരുകൾ അടർന്നു വീഴുകയും തറയോടുകൾ ഇളകുകയും ചെയ്തിട്ടുള്ളതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു. കൂടാതെ 64,18,929/- രൂപ തനത് ഫണ്ട് വകയിരുത്തി ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം ഫർണിച്ചർ ക്യാബിൻ തിരിക്കൽ, ഫർണിഷിംഗ്, പെയിന്റിംഗ് എന്ന പദ്ധതി വകയിരുത്തുകയും ആലുവ ആസ്ഥാനമായിട്ടുള്ള FOREST INDUSTRIES (TRAVANCORE) LIMITED എന്ന അംഗീകൃത ഏജൻസിയെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടി പദ്ധതി പ്രകാരം 45 ലക്ഷം രൂപ FOREST INDUSTRIES (TRAVANCORE) LIMITED ന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച് നാളുകൾക്കുള്ളിൽ തന്നെ പഞ്ചായത്ത് കമ്മിറ്റി ഹാൾ, പ്രസിഡൻറിന്റെയും സെക്രട്ടറിയുടെയും ഓഫീസ് മുറികൾ എന്നിവിടങ്ങളിൽ ചെയ്തിരുന്ന വാൾ പാനലിംഗ് ഉൾപ്പടെയുള്ളവയ്ക്ക് വളരെ വ്യത്തിഹീനമായ രീതിയിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. എസ്റ്റിമേറ്റ് പ്രകാരം തേക്കുംമരം കൊണ്ടുള്ള പാനലിംഗ് ആണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ നിലവിലത്തെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ കുറഞ്ഞതരം PLYWOOD ഉപയോഗിച്ചാണ് ടി പ്രവൃത്തി ചെയ്തിരിക്കുന്നതെന്നും ആയതെല്ലാം ചിതലരിച്ച് നാമവശേഷമായിരിക്കുന്നതായും ഭരണസമിതി വിലയിരുത്തി. ആയത് അംഗീകൃത ഏജൻസി എന്ന നിലയിൽ FOREST INDUSTRIES (TRAVANCORE) LIMITED എന്ന സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള അലംഭാവമാണ്. വികസന പ്രവർത്തനങ്ങൾക്ക് ബഹു. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് മതിയാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. തനത് ഫണ്ടിന്റെ അപര്യാപ്തതയുമുണ്ട്. എങ്കിലും ഓഫീസ് സൗകര്യം മെച്ചപ്പെടുത്തി ജനസേവനം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയാണ് ടി പ്രവർത്തി ഏറ്റെടുത്ത് സർക്കാർ അംഗീകൃത ഏജൻസിയായ FOREST INDUSTRIES (TRAVANCORE) LIMITED നെ ചുമതലപ്പെടുത്തിയത്. മേൽ സാഹചര്യത്തിൽ ടി രണ്ട് പ്രവൃത്തികളുടെയും നിർവ്വഹണം സംബന്ധിച്ച് ബഹു. സർക്കാർ തലത്തിൽ അന്വേഷണം നടത്തുന്നതിനും ആവശ്യമെങ്കിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുന്നതിനും ബഹു. കേരള സർക്കാരിനോടും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പിനോടും അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഐകകണ്ഠേന (തീരുമാന നമ്പർ (9)) തീരുമാനിച്ചു.

മേൽ പരാമർശിച്ച തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞ് നല്കിയ എൻകുയറി നമ്പർ 31/02.11.23 ന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ

നിന്നും തുക വകയിരുത്തി കാര്യക്ഷമല്ലാത്ത പ്രവൃത്തികൾ നടപ്പിലാക്കി പഞ്ചായത്തിന് ഭീമമായ നഷ്ടമുണ്ടാക്കുന്നത് ഒഴിവാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-20 മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന മുൻകൂറുകൾ അനുവദിച്ചതിന്റെ വിശദാംശങ്ങളും തുക ക്രമീകരിക്കാത്തതിനുള്ള കാരണവും വ്യക്തമല്ല.

ഹെഡ്	31.03.2023 ൽ ക്രമീകരിക്കാനവ ശേഷിക്കുന്ന തുക
460100101 ഫെസ്റ്റിവൽ അഡ്വാൻസ്	23000
460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്	867038
460509901 അഡ്വാൻസ് ടു അദേഴ്സ്	1210048

മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/28.10.2023) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ 3 മാസ കാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-21 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച നിക്ഷേപ തുക തുടർനടപടികൾ സ്വീകരിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്ത് വിവിധ പൈപ്പ് ലൈനുകളുടെ എക്സ്റ്റൻഷനായും, മറ്റു പദ്ധതികൾക്കായും കേരള വാട്ടർ അതോറിറ്റിക്കു മുൻകൂർ തുക നിക്ഷേപിച്ചു നൽകുന്നുണ്ട്. ഇപ്രകാരം നിക്ഷേപിച്ചു നൽകിയതിൽ 31.03.2022 തീയതിയിൽ ക്രമീകരിക്കാനവശേഷിച്ച തുക 66,80,026/- രൂപയാണ്. പ്രസ്തുത തുകയിൽ 4,33,973/- രൂപ വാട്ടർ അതോറിറ്റി തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട് (15.06.2022 തീയതിയിൽ ഐ.ഒ.ബി. തനതു ഫണ്ട് അക്കൗണ്ടിൽ വരവ് വന്നു). പ്രസ്തുത തുക ഏതൊക്കെ പദ്ധതിക്കായി നിക്ഷേപിച്ചതിലെ നീക്കിയിരിപ്പാണെന്നത് വ്യക്തമല്ല. പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരമോ, വിനിയോഗിച്ച തുകയുടെ വിവരമോ വാട്ടർ അതോറിറ്റി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ചെലവ് മുൻകൂർ ഹെഡിൽ നിന്നും ക്രമീകരിച്ച് ആസ്തിയാക്കേണ്ടവ ആസ്തിയാക്കുവാനും സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്തും നടപടികൾ സ്വീകരിച്ചിട്ടില്ല.

പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.10.2023) ഏതൊക്കെ പ്രവൃത്തികളുടെ നീക്കിയിരിപ്പാണ് തിരികെ ലഭിച്ചിട്ടുള്ളത് എന്ന് വാട്ടർ അതോറിറ്റിയോടു ആരാഞ്ഞിട്ടും മറുപടി ലഭിച്ചില്ലായെന്നും, വിവരങ്ങൾ ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. തിരികെ ലഭ്യമാക്കിയ തുക ഏതൊക്കെ ഫണ്ടിലെ നീക്കിയിരിപ്പാണെന്നു ഉറപ്പു വരുത്തി പ്രസ്തുത ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പൂർത്തീകരിച്ച്, ആവശ്യമായ രേഖപ്പെടുത്തലുകളോടു കൂടി ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കേണ്ടതാണ്.

1-22 ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി 9 ലയബിലിറ്റീസ് ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ബാധ്യത തുകകൾ ഒടുക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

ഹെഡ്	31.03.2023 ലെ നീക്കിയിരിപ്പ് തുക
350200202 വാല്യു ആഡഡ് ടാക്സ്	108995

350300111 ഫ്ലഡ് സെസ്	86
350300112 വാല്യു ഓഫ് കോർട്ട് ഫീ സ്റ്റാമ്പ്	420
350300199 ഗവ ആന്റ് അദർ ഡ്യൂസ് പേയബിൾ - അദേഴ്സ്	9300

മേൽ ഹെഡുകളിൽ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിലനിറുത്തിയിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച രേഖകളും, ഒടുക്കിയിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണവും വിശദമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 7/28.10.2023) മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല.

നികുതി, നികുതി ഇതര ഇനങ്ങളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുക കാലങ്ങളായി തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-23 മഴക്കാലപൂർവ ശുചീകരണം ചെലവു രേഖകൾ ലഭ്യമായില്ല - 1,40,000/- രൂപ തടസ്സം ചെയ്യുന്നു

ചെക്ക് നം. 12762/20.05.2022 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 1,40,000/- രൂപ മെഡിക്കൽ ഓഫീസർക്കു അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ, വാർഡുതല ശുചിത്വ സമിതിയുടെ പാസ്സ് ബുക്കുകൾ തുടങ്ങിയ രേഖകൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/28.10.2023) മേൽ തുകയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനു മെഡിക്കൽ ഓഫീസർക്കു നിർദ്ദേശം നൽകിയതായി മറുപടി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പ്രകാരം അനുവദിച്ച തുക 1,40,000/- രൂപ തടസ്സം ചെയ്യുന്നു.

1-24 പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി പദ്ധതികളിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി എന്ന പദ്ധതികളിലെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർത്തിരിക്കുന്നു.

പദ്ധതി നമ്പർ	135 /23	209/23
പദ്ധതിയുടെ പേര്	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി	പട്ടിക വർഗ വിദ്യാർത്ഥിക്ക് പഠന മുറി
നിർവഹണ ഉദ്യോഗസ്ഥൻ	വി ഇ ഒ – ബി സർക്കിൾ	വി ഇ ഒ – എ സർക്കിൾ
അടങ്കൽ തുക	400000/- (വികസന ഫണ്ട് എസ്.സി.പി)	200000/- (വികസന ഫണ്ട് ടി.എസ്.പി)
ചെലവായ തുക	400000/- (വികസന ഫണ്ട് എസ്.സി.പി)	168368/-
ബിൽ നമ്പർ/ തീയതി	163/ 04.01.2023 (100000/-) 182 / 10.01.2023 (100000/-) 219 / 06.02.2023 (100000/-) 334 / 28.03.2023 (100000/-)	127 / 07.12.2022 (100000/-) 261 / 05.03.2023 (30934/-) 326 / 28.03.2023 (18717/-) 366 / 31.03.2023 (18717/-)

1. സ.ഉ(കൈ)നം. 115/2022/തസ്വഭവ തീ. 28/05/2022 സബ്സിഡി മാർഗരേഖ പ്രകാരം ആകെ ആനുകൂല്യം 2 ലക്ഷം രൂപയും അതിനുമുകളിലും ഉള്ള വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ ആണ് നൽകേണ്ടത്. എന്നാൽ പദ്ധതിയ്ക്ക് വാലുവേഷൻ നൽകിയിരിക്കുന്നത് ഓവർസിയർ ആണ്.

2. പ്രസ്തുത പദ്ധതി പ്രകാരം 50000/- രൂപ മുൻകൂറായി നൽകിയിട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. എന്നാൽ, ഈ ക്രമം

പാലിക്കാതെയാണ് തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം.16/31.10.2023) ഗുണഭോക്താവ് പണി പൂർത്തിയാക്കി വന്നപ്പോൾ ഓവർസീയറാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിയതെന്നും അറിയാതെ സംഭവിച്ച പിഴവ് ക്ഷമിക്കണമെന്നും ഗുണഭോക്താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണമാണ് 2 ഗഡുക്കളായിട്ട് ആനുകൂല്യം നൽകിയതെന്നും പ്രോജക്ട് നമ്പർ. 135/2023 മായി ബന്ധപ്പെട്ട് മറുപടി നൽകി.
ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-25 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

പ്രോജക്ട് നമ്പർ - S0064/23
അടങ്കൽ – 2,00,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ് – 2,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

2022-23 സാമ്പത്തിക വർഷം 'ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി (S0064/23) പ്രകാരം, Bill No.159/30.12.22 Amt - 2,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 60143/- രൂപയ്ക്ക് മാത്രമാണ് നാളിതുവരെ മരുന്ന് ലഭ്യമായത്. ശേഷിക്കുന്ന തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ/ ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ് നല്കിയ എൻകെയറി നമ്പർ 28/02.11.23 ന് മറുപടി ലഭ്യമാക്കിയില്ല. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-26 1.06 കോടിയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി. തുടങ്ങിയ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ 10666800/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുക ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലായി ഏതൊക്കെ പ്രവൃത്തികൾക്കായി അനുവദിച്ചതാണെന്നു വ്യക്തമല്ല.

ഹെഡ്	31.03.2022 ൽ ക്രമീകരിക്കാനവശേഷിച്ച തുക	31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക
460500201 ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി	6680026	6680026
460500202 ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി.	3654324	3654324
460500205 ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ല്യു.ഡി.	332450	332450
ആകെ	**10666800**	**10666800**

നിക്ഷേപിച്ച തുകയിൽ വിനിയോഗ ശേഷമുള്ള തുകയായി 4,33,973/- രൂപ 15.6.22 ൽ വാട്ടർ അതോറിറ്റി തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ബി-18 ൽ ടി തുക കുറവ് വരുത്തിയില്ല. പൂർത്തിയായ പ്രവൃത്തികളുടെ തുക ക്രമീകരിച്ച് ആസ്തിയായി മാറ്റേണ്ടവ ആസ്തിയായി

ബുക്ക് ചെയ്യേണ്ടതുണ്ടെങ്കിലും പ്രസ്തുത വിവരവും വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

തൻവർഷം പ്രോ. നം. 60/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും പദ്ധതിക്കായി 262585/- രൂപയും പ്രോ. നം. 61/23 തെരുവ് വിളക്ക് ലൈൻ നീട്ടൽ 14 വാർഡുകളിലും പദ്ധതിയ്ക്കായി 1474658/- രൂപയും സി.എഫ്.സി. ഫണ്ടിൽ നിന്നും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ 460500202 ൽ ബുക്ക് ചെയ്യാത്തതിനാൽ തൻവർഷ നിക്ഷേപ തുകയിനത്തിൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ല.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/28.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾക്കായി പദ്ധതി രൂപീകരിക്കുമ്പോൾ സ്ഥാപനവുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നക്ഷേപിക്കുന്നതിന് കൃത്യമായ കാലയളവ് ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതും പദ്ധതി തുക നിക്ഷേപിച്ചു നൽകിയ ശേഷം തുകയുടെ വിനിയോഗം സംബന്ധിച്ച് മോണിട്ടറിംഗ് നടത്താത്തതും, പ്രവൃത്തികൾ പൂർത്തീകരിച്ച് നടപ്പാക്കപ്പെട്ടു എന്നു ഉറപ്പാക്കേണ്ടതും നിർവഹണാധികാരികളുടെയും, ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്ന മുറയ്ക്ക് വാർഷിക കണക്കുകളിലും തദനുസൃതമായി മാറ്റം വരുത്തേണ്ടതുണ്ട്. തുകകൾ നിക്ഷേപ പ്രവൃത്തിക്കായി അനുവദിക്കുമ്പോൾ തന്നെ പ്രസ്തുത ഇടപാട്, പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുമ്പോൾ പ്രസ്തുത വിവരവും, തുക വിനിയോഗ വിവരങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തി തുക ക്രമീകരിക്കേണ്ടതുമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നതും, ഇതു സംബന്ധിച്ച മോണിട്ടറിംഗ് നടത്താത്തതും പദ്ധതി തുകയുടെ വിനിയോഗത്തിലുള്ള ഗുരുതര അലംഭാവമാണ്. നിക്ഷേപ തുകയുടെ വിനിയോഗരേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കയില്ല-2353165/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/ നമ്പർ	അടവാക്കിയതുക (ബിൽ നമ്പർ)	തുക അടവാക്കിയതിന്റെ വിവരം
1	എസ്.എസ്.കെ. വിഹിതം നൽകൽ (SO113/23)	200,000/- Bill No.15/22-23 Dtd. 6.9.22	ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ
2	ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം പഞ്ചായത്ത് വിഹിതം (S0076/23)	250,000/- Ch.No.5538036/22-23 Dtd. 17.11.22 100,000 Bill No.13/23 Dtd. 6.9.22	മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി
3	IKM പ്രവർത്തന ഫണ്ട് (SO111/23)	65922/- Bill No.14/22-23 Dtd. 6.9.22	ഡയറക്ടർ, ഐ.കെ.എം
4	തെരുവ് വിളക്ക് ലൈൻ നീട്ടൽ (SO061/23)	1474658/- Bill No.161/22-23 Dtd. 31.12.2022	KSEB
5	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (SO060/23)	262585/- Bill No. 112/17.11.22 Amt.23513/- Bill No. 120/28.11.22 Amt. 39011/- Bill No. 167/06.01.23 Amt. 200061/-	KSEB

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച് നല്കിയ എൻകെയറി നമ്പർ 22 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ

സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-28 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ തനതു ഫണ്ടിൽ നിലനിറുത്തിയിരിക്കുന്നു

സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു.

ഹെഡ്	തുക
320700104 ബ്ലോക്ക് ഷെയർ ഫോർ ക്യാപിറ്റൽ എക്സ്പന്റിച്ചർ	326489
320700204 ബ്ലോക്ക് ഷെയർ ഫോർ റവന്യു എക്സ്പന്റിച്ചർ	414450
320700404 ബ്ലോക്ക് ഷെർ ഫോർ റവന്യു എക്സ്പന്റിച്ചർ	318152
320700405 ജില്ലാ പഞ്ചായത്ത് ഷെർ ഫോർ റവന്യു എക്സ്പന്റിച്ചർ	2710961

മേൽ തുകകൾ ഏതു സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ചതാണെന്നു വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 7/28.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകൾ ഏതൊക്കെ സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ചതിലെ നീക്കിയിരിപ്പാണെന്നു പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതും, നീക്കിയിരിപ്പു തുക പ്ലാൻ ഹെഡിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

1-29 മരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പൂർത്തീകരിക്കുന്നില്ല

2022-23 സാമ്പത്തിക വർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ, 2021-22 കാലയളവിലെ പ്രവൃത്തികൾ പൂർത്തിയാക്കാതെ സ്പിൽ ഓവറായി 2022-23 വർഷം എടുത്തതിൽ 2 എണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. പൂർത്തിയാക്കാൻ അവശേഷിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക	പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അസി. എഞ്ചീനീയർ ലഭ്യമാക്കിയ വിവരം
1	16/23	പഞ്ചായത്ത് മാർക്കറ്റിൽ എയ്റോബിക് കംപോസ്റ്റ് നിർമ്മാണം	1,50,000/-	ലഭ്യമാക്കിയില്ല
2	40/23	അസി. എഞ്ചിനീയറുടെ കമ്പ്യൂട്ടർ യു.പി.എസ്. വാങ്ങൽ	41,683/-	ലഭ്യമാക്കിയില്ല

സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്.

സ്പിൽ ഓവറായി ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഇത്തരത്തിൽ നടപ്പാക്കാനാകാത്തത് ആവശ്യകത നിർണയിച്ച് പദ്ധതികൾ തയാറാക്കാത്തത് കാരണമാണ്. മാർഗനിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2022-23		520000	221/23 ലൈഫ് ഭവന പദ്ധതി 2020 എസ്.സി. ഗുണഭോക്താക്കൾക്കു തുക നൽകൽ	520000	0
			100000	8/23 അംഗനവാടികളിൽ അനുപൂരക പോഷകാഹാര വിതരണം	**100000**	0
			199943	195/23 ഭിന്നശേഷിക്കാർക്ക് ഉപകരണ വിരണം	199943	0
			231375	79/23 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	231375	0
			400000	73/23 ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി ജനറൽ	400000	0
ആകെ			1451318		1451318	0

ജില്ലാ പഞ്ചായത്ത്	2022-23		35000	125/23 ഹരിതഭവനം പദ്ധതി	35000	0
			231375	79/23 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	231375	0
			330000	73/23 ക്ഷീര സമൃദ്ധി-പാലിന് സബ്സിഡി ജനറൽ	330000	0
ആകെ			596375		596375	0

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2021-22 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം)	ആകെ	സുലേഖ പത്രിക പ്രകാരം ചെലവ്	2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1059091	1451318	2510409	1451318	1059091
ജില്ലാ പഞ്ചായത്ത് വിഹിതം	2710961	596375	3307336	596375	2710961

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഫണ്ടിനം	മുൻകൂർ നൽകിയ തുക	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി.	61/23 തെരുവ് വിളക്ക് ലൈൻ നീട്ടൽ 14 വാർഡുകളിലും	സി.എഫ്.സി.	1474658	0	1474658
കെ.എസ്.ഇ.ബി.	60/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 14 വാർഡുകളിലും	സി.എഫ്.സി.	262585	0	262585
ആകെ			**1737243**	0	**1737243**

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2021-22 B 18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2022-23 വർഷത്തെ നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം	2021-22 B 18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്

കെ.എസ്.ഇ.ബി	3654324	1737243	5391567	ലഭ്യമായില്ല	3654324 *
കെ.ഡബ്ല്യു.എ.	6680026	0	6680026	433973 (റീഫണ്ട്)	6680026
പി.ഡബ്ല്യു.ഡി	332450	0	332450	ലഭ്യമായില്ല	332450

* കെ.എസ്.ഇ.ബി. ക്ക് ഗ്രാമപഞ്ചായത്ത് തൻവർഷം 1737243/- രൂപ നിക്ഷേപിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ലായെങ്കിലും പ്രസ്തുത തുക ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. കെ.ഡബ്ല്യു.എ. യിൽ നിന്നും 4,33,973/- രൂപ റീഫണ്ട് ലഭിച്ചുവെങ്കിലും പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

(വാർഷിക കണക്കുകൾ പ്രകാരം)

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018	55313862	0	5126881	50186982 *

*നീക്കിയിരിപ്പിൽ ഒരു രൂപ കൂടി നിൽക്കുന്നു.

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ക്രമ നം	റിപ്പോർട്ട വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തീയതി
1	2016-17	3-2	720	സജുകുമാർ കെ	1220300639/19.09.2022
2	2016-17	3-2	120	ബിന്ദു	1220300640

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-04	3.11(ബി)	2007-08	-	ചെലവ് വിവരങ്ങൾ ലഭ്യമായില്ല	തുടരുന്നു
2008-09	2.5(സി)	2010-11	-	ഷോപ്പിംഗ് കോംപ്ലക്സ്	തുടരുന്നു

				വാടക	

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	20391823
ഓഡിറ്റ് വർഷത്തെ വരവ്	26367863
ആകെ	46759686
ഓഡിറ്റ് വർഷത്തെ ചെലവ്	26684452
നീക്കിയിരിപ്പ്	20075234
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2493165

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായഉദ്യോഗസ്ഥൻ
ഇല്ല		

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	1,40,000	ശ്രീ.ഫൈസൽ.എ.എസ്, സെക്രട്ടറി
1-27	23,53,165	ശ്രീ.ഫൈസൽ.എ.എസ്, സെക്രട്ടറി
ആകെ	2493165/- രൂപ	

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരംമേൽവിലാസം
1	ശ്രീ.ഫൈസൽ.എ.എസ് സെക്രട്ടറി	സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്	ഷാലിമാർ, പോത്തൻകോട് അണ്ടൂർക്കോണം,അണ്ടൂർക്കോണം, പിൻ 695584

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

2003-04	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-11(ബി)
2007-08	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2008-09	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (2-5 (സി)
2009-10	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2010-11	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-6)
2012-13	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	2 (3-10, 3-11)
2013-14	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-2)
2014-15	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	5 (2-4, 2-5, 2-9, 3-8, 3-9)
2015-16	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	4 (2-2, 2-3, 3-1, 3-4)
2016-17	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	9 (2-2, 2-3, 2-4, 2-5, 3-4, 3-7, 3-8, 3-9, 3-11)
2017-18	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/193/2018 തീയതി : 08.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/47/2019 തീയതി : 17.03.2020	17
2019-20	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1653/2021 തീയതി : 30.10.2021	38
2020-21	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/445/2022 തീയതി : 03.06.2022	46
2021-22	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/2221/2022 തീയതി : 03.03.2023	27

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ottasekharamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ottasekharamangalam Grama Panchayat for the year 2022-2023

Date: 14/12/2023 **Deputy Director(H.G)**

Kerala State Audit Department

Audit Report appended to the Audit Certificate of Ottasekharamangalam Grama Panchayat for the Year 2022-2023.

1.Major Observations

1. Deficit balance for the institution as per the Income & Expenditure statement. Expenditure (Rs.218754507/-) exceeds income (Rs.209613179/-) as per Income & Expenditure Statement.

2. No reconciliation done to SBM PFMS Account (balance as per AFS is Rs.-492000/-), Nationalised bank account of own revenue account (balance as per AFS is Rs.2699/-), CFC fund (balance as per AFS is Rs. 4395989/-). Hence the authenticity of the closing balance can not be approved.

2.Other Observations

1. Mandatory financial statements as per Kerala Panchayat Raj (Accounts) Rules 2011 Rule 62-2 (F), 62(3) accounting rules not submitted with AFS. eg: The financial ratios, notes to account are not submitted.

2. Cash Flow statement -Net increase/decrease in cash flow (-316589) does not match with difference between opening balance and closing balance of cash and cash equivalents (-5968862).

3. Further actions are not taken to transfer the stale cheque amount (expired after 3 years) to own fund. An amount of Rs.946608/- has been booked in the head of liability in respect of stale cheques.
4. Amount deposited for electric post shifting booked as expenditure, though it is an advance amount and the work is incomplete.
5. Demand Collection Balance statement in respect of property tax, license fee, profession tax, rent etc does not match with the concerned registers and AFS.

6.Lapse in making timely and accurate Demand. For example, property tax demand entries have been made only on 31.03.2023, while demand entries are required
to be made at the beginning of the financial year and every month there after.
7. Deposits Register, Advances Register etc. are not maintained and submitted for Audit. Therefore, the amounts in each category could not be reconciled with the annual financial statements.

8. Journal, contra vouchers for authorising transactions as per Kerala Panchayath Raj (Account) Rules 2011, Rule 10 are not kept with supporting documents.
Eg. Accumulated depreciation- Roads & Bridges - (34009842/-)
Asset - Roads & Bridges - 22223587/-
9. Registers related with tax, non tax receipts are not kept certified by closing each month and reconciling with the ledger balance. Only annual closing is done.

10. Depreciation provided for asset is more than the book value.
Eg. Accumulated depreciation- Roads & Bridges - (34009842/-)
Asset - Roads & Bridges - 22223587/-

11. Expenses due, but not met during the year are not booked under liability head in the balance sheet. eg: Honorarium for Peoples representatives.
12. Sufficient amount of capital contribution is not provided with respect to asset value.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്